(സി) തലപ്പള്ളി താലൂക്ക് പഞ്ചായത്ത് അസോസിയേഷൻ അഞ്ച് പ്രമേയങ്ങൾ അയച്ചിട്ടുണ്ട്.

(ഡി) പ്രമേയങ്ങളിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുവാൻ എത്ര രൂപ വേണ്ടിവരുമെന്ന് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(ഇ) ഇതിനകം യാതൊന്നും ഇക്കാര്യത്തിനായി അനുവദിച്ചിട്ടില്ല.

സാംക്രമികരോഗം.

*751. [35] ശ്രീ. പി. കെ. ചാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാളറ, മസൂരി തുടങ്ങിയ സാംക്രമികരോഗങ്ങളുടെ ആക്രമണം 1953-54 വർഷത്തെ അപേക്ഷിച്ച് 1954-55 വർഷത്തിൽ നമ്മുടെ സംസ്ഥാനത്ത് കൂടുതലാണോ;

(ബി) ഈ സാമ്പത്തികവർഷത്തിൽ മസൂരി ഏതേതു് സ്ഥലങ്ങളിൽ ആക്രമണം നടത്തുകയുണ്ടായി, മരണത്തിന്റെ കണക്ക് പിടിപെട്ടതിന്റെ എത്ര ശതമാനമായിരുന്നു;

(സി) രോഗം പിടിപെടുന്ന സ്ഥലങ്ങളിൽ തക്കസമയത്ത് പ്രതിരോധ നടപടികൾ എത്തിക്കിട്ടുന്നില്ലെന്ന പരാതികൾ കിട്ടുന്നില്ലേ; സാംക്രമികരോഗങ്ങളുടെ നിവാരണ നടപടികളെക്കുറിച്ച് പ്രത്യേകം ശ്രദ്ധിക്കുവാൻ ഡിപ്പാർട്ട്മെന്റിനു് ഒരു പ്രത്യേകം വകുപ്പില്ലേ;

(ഡി) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ മാളയിലെ കുട്ടികൾക്ക് പിടിപെട്ട ഒരു പുതിയ തരം രോഗത്തെപ്പറ്റി നടപടി നടത്തിയ അന്വേഷണഫലം എന്താണു്;

(ഇ) ഡിഫ്ത്തീരിയാ എന്ന രോഗം കോട്ടയം ബേക്കർ മെമ്മോറിയൽ കിൻഡർഗാർട്ടൻ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കും മറ്റും പടർന്നു പിടിക്കുന്നു എന്നുള്ള റിപ്പോർട്ടിനെക്കുറിച്ച് അന്വേഷിക്കുമോ;

(എഫ്) എന്താണു് ഫലമെന്നും, എന്തു നടപടിയെടുത്തു എന്നും പറയുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) അല്ല. സ്ഥിതിവിവരക്കണക്കുകളിൽനിന്നു് കുറവാണെന്നാണു് കാണുന്നതു്.

(ബി) കൽക്കുളം, വിളവംകോടു്, നെയ്യാറ്റിൻകര, തിരുവനന്തപുരം, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, കൊല്ലം, മാവേലിക്കര, തിരുവല്ലാ, ചേർത്തല, തലപ്പിള്ളി, കുന്നത്തുനാടു്, പത്തനംതിട്ട, തൊടുപുഴ, പറവൂർ, തൃശ്ശൂർ, വൈക്കം, മുകുന്ദപുരം, കൊടുങ്ങല്ലൂർ, കോട്ടയം, ദേവികുളം, പത്തനാപുരം, ചിറയിൻകീഴു്, ചിറ്റൂർ, കൊച്ചി-കണയന്നൂർ മുതലായ താലൂക്കുകളിലും, തിരുവനന്തപുരം കാർപ്പറേഷൻ, കൊല്ലം, മട്ടാഞ്ചേരി, എറണാകുളം, ഇരിങ്ങാലക്കുട, ആലപ്പുഴ, ചങ്ങനാശ്ശേരി, ആറന്മുള, പെരുമ്പാവൂർ, ചേർത്തല മുതലായ മുനിസിപ്പൽ പട്ടണങ്ങളിലും മസൂരിരോഗം ഈ സാമ്പത്തികവർഷത്തിൽ പിടിപെട്ടിട്ടുണ്ടു്. അതുകൊണ്ടു പിടിപെട്ടതിന്റെ 59.81% ആളുകൾ മരിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരാതികൾ കിട്ടിയിട്ടുണ്ട്. ഉടൻതന്നെ വേണ്ട പ്രതിരോധനടപടികൾ നടത്തിയിട്ടുണ്ട്. നിവാരണനടപടികൾക്കായി പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ ഒരു പ്രത്യേക വകുപ്പില്ല.

(ഡി) അന്വേഷണം നടത്തി രോഗം നിയന്ത്രണാധീനമാക്കി.

(ഇ) അന്വേഷിച്ചു.

(എഫ്) . ഒരു കുട്ടിക്ക് ഡിഫ്ത്തീരിയാ എന്ന രോഗം പിടിപെട്ടു. ആ കുട്ടിയെ കോട്ടയം ഡിസ്ട്രിക്റ്റ് ആസ്പത്രിയിൽ അയച്ചു. സുഖക്കേടു ഭേദമായതായി അറിഞ്ഞു. വേണ്ട പ്രതിരോധനടപടികൾ എടുക്കുകഴിഞ്ഞു.

സംശയാസ്പദമായ മരണങ്ങൾ.

* 752. [36] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954–55 വർഷത്തിൽ നമ്മുടെ സംസ്ഥാനത്തു് നാളിതുവരെയായി ആകെ എത്ര സംശയാസ്പദമായ മരണങ്ങൾ, പോലീസുകാർ കക്ഷികളെ അറസ്റ്റു ചെയ്തു കൊണ്ടുപോയതിനുശേഷം, ഉണ്ടായിട്ടുള്ളതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടു് ;

(ബി) ചിറ്റൂർ താലൂക്കിൽനിന്നു് ഇങ്ങനെ ഒരു ആരോപണം ഉണ്ടായിരുന്നില്ലേ ; അതിനു് എന്തു നടപടി എടുത്തു ;

(സി) കോട്ടയം ഡി. സി. സി. പ്രസിഡൻറ് ശ്രീ. ടി. ആർ. രാമൻപിള്ള, സെക്രട്ടറി ശ്രീ. ജോസഫ്, പി. സി. സി. മെംബർ ശ്രീ. പി. എം. ജോസഫ് എന്നിവർ ചേർന്നു് പാമ്പാടി സ്റ്റേഷനിലേക്കു് ചോദ്യം ചെയ്യാൻ വിളിച്ചുകൊണ്ടുപോയ ചെമ്പൻ എന്ന ആളുടെ മരണത്തെക്കുറിച്ചു് മാർച്ചു് 18–ാം തീയതി പുറപ്പെടുവിച്ച പ്രസ്താവന മജിസ്ട്രേറ്റിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അതിന്മേൽ എന്തു നടപടി എടുത്തു ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) രണ്ടു്. ഒന്നു് കാട്ടാക്കട പോലീസു് അറസ്റ്റു ചെയ്ത ഒരു ജി. മാധവൻപിള്ളയുടെ മരണവും മറ്റേതു് പാമ്പാടി പോലീസു് അറസ്റ്റു ചെയ്ത ചെമ്പൻ എന്നറിയപ്പെടുന്ന കോയിത്താനത്തു് ഔസേപ്പിൻറെ മരണവും സംബന്ധിച്ചു്.

(ബി) ഉണ്ടായിരുന്നു. അന്വേഷണങ്ങൾ നടത്തിയതിൽ ആരോപണങ്ങൾ അവാസ്തവമെന്നു കണ്ടു.

(സി) ഉണ്ടു്.

(ഡി) ചെമ്പൻറെ സംശയാസ്പദമായ മരണത്തെപ്പറ്റി അന്വേഷിച്ചു് റിപ്പോർട്ടു സമർപ്പിക്കുവാൻ കോട്ടയം ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly